# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 228      03/02/2020-ൽ മറുപടിക്ക്

## ക്യാൻസർ രോഗനിർണയം, ചികിത്സ, പ്രതിരോധം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി)** |
| എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ആശങ്കാജനകമായി വർധിക്കുന്നത് കണക്കിലെടുത്ത് ക്യാൻസർ രോഗബാധ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളും മെഡിക്കൽ കോളേജുകളും കേന്ദ്രീകരിച്ച് രോഗം നിർണയിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) മൂന്ന് റീജിയണൽ കാൻസർ സെന്ററുകൾ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, താലൂക്ക്-ജില്ല-ജനറൽ ആശുപത്രികൾ മുതലായവ കേന്ദ്രീകരിച്ച് സംസ്ഥാന/ ദേശീയ കാൻസർ രോഗ വിദഗ്ധരുടെയും ലോകാരോഗ്യ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു കേരള കാൻസർ സ്റ്റാറ്റജി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ കാൻസർ ചികിത്സയുടെ മികവിന്റെ അടിസ്ഥാനത്തിൽ നാലായി തരം തിരിക്കുകയും ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ സർക്കാർ സ്വകാര്യ മേഖലയിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ആരോഗ്യ വകുപ്പിന് കീഴിൽ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോത്തെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പിയുൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലൂടെ നടത്തി വരുന്നു. നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ചു ഭേദമാക്കാവുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം, എന്നിവ പ്രാരംഭദശയിൽ തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ |

| | | | |
|---|---|---|---|
| | | | രോഗ നിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗ വിവരശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ കാൻസർ രോഗ ലക്ഷണമുള്ളവരെ മുൻഗണനാക്രമത്തിൽ കാൻസർ രോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്. |
| ബി) | ക്യാൻസർ രോഗികളുടെ എണ്ണവും ക്യാൻസർ രോഗത്തിനുള്ള ചികിത്സാ ചെലവും മരുന്നുകളുടെ വിലയും വർധിച്ച് വരുന്നതിനാൽ അത് കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ; | ബി) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടുകൂടി ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളിലും ഒരു ശൃംഖലയ്ക്കുള്ളിൽ അണി ചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങളും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്.<br>കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ കാൻസർ കെയർ സെന്ററുകളുടെ മരുന്നുകൾ കേന്ദ്രീകൃതമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. മരുന്നുകളുടെ വിതരണം ഡ്രഗ്ഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം (DDMS) എന്ന സോഫ്റ്റ് വെയർ മുഖേനയാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കാൻസർ മരുന്നുകളുടെ വില കുറയ്ക്കുന്നതിന് ഇതുകൊണ്ട് കഴിയും.<br>18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യ കാൻസർ രോഗ ചികിത്സ (കാൻസർ ചികിത്സ സ്കീം), കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, മുഖ്യ മന്ത്രിയുടെയും പ്രധാന മന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം മുതലായവ ലഭിക്കുന്നു. |
| സി) | ക്യാൻസർ രോഗനിർണ്ണയം, ചികിത്സ, പ്രതിരോധം ഇവയെക്കുറിച്ചുള്ള അവബോധം യുവതലമുറക്ക് സൃഷ്ടിക്കുന്നതിന് സ്കൂൾ കോളേജ് തലങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | എല്ലാ സാമ്പത്തിക വർഷവും ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ച് എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കാറുണ്ട്. ഈ തുക പ്രയോജനപ്പെടുത്തി താലൂക്കടിസ്ഥാനത്തിൽ ജില്ലകളിലെ ഗ്രാമ പ്രദേശങ്ങളിൽ കാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗബാധിതരെ കണ്ടെത്തുകയും ചെയ്യുന്നു. ഇതിനു പുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് ന്റെ ഫണ്ട് ഉപയോഗിച്ച് മുൻസിപ്പൽ പ്രദേശങ്ങളിൽ പ്രത്യേക കാൻസർ മെഗാ |

ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. കാൻസർ ബോധവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് എല്ലാ സാമ്പത്തിക വർഷവും ഫണ്ട് അനുവദിക്കാറുണ്ട്. നിലവിലുള്ള കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന് പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് തലങ്ങളിൽ മുൻകൂർ കാൻസർ രോഗനിർണ്ണയം, പുകയിലജന്യ രോഗം എന്നിവയെക്കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ സംസ്ഥാനത്തെ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അധീനതയിലുള്ള എട്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കാൻസർ രോഗ നിർണ്ണയത്തെക്കുറിച്ചും പുകയില, മറ്റ് ലഹരി ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യ ഫലങ്ങളെ കുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നൽകുകയും, ഇത്തരം ചില സ്കൂളുകളിൽ നിന്നുള്ള എൻ.എസ്.എസ് വോളന്റിയർമാർക്ക് റീജിയണൽ കാൻസർ സെന്റർ സന്ദർശിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തു. അഭ്യർത്ഥന പ്രകാരം നിരവധി സ്കൂളുകളിൽ അവബോധ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും ഇത്തരം ബോധവത്ക്കരണ പരിപാടികൾ നടത്തുവാൻ ആർ.സി.സി ക്ക് പദ്ധതിയുണ്ട്.

മലബാർ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണത്തിനായി 'യു ടേൺ' എന്ന ഒരു ഷോർട്ട് ഫിലിമും നിർമ്മിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നിന്നും സ്കൂൾ പാഠ്യ പദ്ധതിയിൽ അർബുദ ബോധവൽക്കരണം ഉൾപ്പെടുത്തുന്നതിനാവശ്യമായ ഒരു പ്രാഥമിക പഠനക്കുറിപ്പ് തയ്യാറാക്കി പൊതു വിദ്യാഭ്യാസ വകുപ്പിനു നൽകുന്നതിനുള്ള ഒരു നിർദ്ദേശം മലബാർ കാൻസർ സെന്ററിന് ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയം ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ & ട്രെയിനിംഗ് (ഡയറ്റ്) കണ്ണൂരുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ടു വരികയാണ്.

സെക്ഷൻ ഓഫീസർ